# കേരളവനംവികസനകോർപ്പറേഷൻലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

**ഡിവിഷണൽ മാനേജരുടെ കാര്യാലയം, ഗവി പി.ഒ, വണ്ടിപെരിയാർ(വഴി)**

മൊബൈൽ : 8289821300 ഇ-മെയിൽ :dmgavikfdc@gmail.com

====================================================================

## ടെൻഡർ നോട്ടീസ്

കെ.എഫ്.ഡി.സി ഗവി ഡിവിഷന്റെ കീഴിലുള്ള വാഗമൺ ഹിൽസ് ഗാർഡൻ കേന്ദ്രത്തിലെത്തുന്ന സന്ദർശകർക്കായി ലഘു ഭക്ഷണപാനീയങ്ങൾ എത്തിച്ചു വിതരണം ചെയ്യുന്ന ഒരു കാന്റീൻ നടത്തുന്നതിന് ബന്ധപെട്ട കക്ഷികൾ /ഏജൻസികളിൽ നിന്നും താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരം ടെൻഡർ ക്ഷണിച്ചു കൊള്ളുന്നു. ഒരു വർഷത്തേക്ക് (2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ) നടത്തിപ്പവകാശത്തിന് ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന സ്ഥാപനം/വ്യക്തിക്ക് കരാർ അനുവദിച്ചു നൽകുന്നതായിരിക്കും.

നിബന്ധനകൾ:-

1. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഭക്ഷണങ്ങളുടെ ലിസ്റ്റും വിവിധ ഭക്ഷണ സാമഗ്രികകളും വാഗമൺ ഗാർഡനിലെ സന്ദർശകർക്ക് ഒരു അധിക സൗകര്യം എന്ന നിലയിൽ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാകുന്നു. വാഗമൺ ഹിൽസ് ഗാർഡൻ സന്ദർശകർക്ക് മാത്രമേ വിൽപ്പന ഉണ്ടാവുകയുള്ളൂ. പൊതു ജനങ്ങൾക്കുവേണ്ടിയുള്ള ഒരു ഹോട്ടൽ സംവിധാനമായി മേൽ കരാർ അനുവദിക്കുന്നതല്ല .
2. അനുദിനം സന്ദർശകർക്ക് ആവശ്യമായി വരുന്ന വിവിധ ഭക്ഷ്യോൽപ്പന്നങ്ങൾ സമയാസമയത്ത് ക്രമീകരിച്ച് വിതരണം നടത്തേണ്ടതും, എല്ലാ സന്ദർശകർക്കും ഗുണനിലവാരമുള്ള ഭക്ഷണസാമഗ്രികളുടെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.
3. ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കറ്റ് ഭക്ഷണ വിതരണം നടത്തുന്ന ഏജൻസിയുടെ പേരിൽ തന്നെ എടുക്കേണ്ടതാണ്. ഏജൻസിയുടെ പേര് ബോർഡിൻറെ ഒരു ഭാഗത്ത് പ്രദർശിപ്പിക്കാൻ അനുവാദം ഉണ്ടാകും. ഭക്ഷണം സംബന്ധിച്ച എല്ലാ സുരക്ഷാ മാനദണ്ഡങ്ങൾക്കും ഏജൻസി ഉത്തരവാദി ആയിരിക്കും.
4. പാചകം ചെയ്ത ആഹാരം ചൂടാക്കുന്നതിനുള്ള മൈക്രോവേവ് ഓവൻ, സ്ററൗ, ഗ്യാസ് സിലിൻഡർ എന്നിവ ഭക്ഷണ വിതരണം നടത്തുന്ന ഏജൻസി തന്നെ കൊണ്ടു വരേണ്ടതാണ്.

5. 5000/– രൂപയിൽ കൂടുതൽ വരുന്ന ഇലക്ട്രിസിറ്റി ബിൽ തുക ഭക്ഷണ വിതരണം നടത്തുന്ന ഏജൻസി നൽകേണ്ടതാണ്.
6. "Waste Management" പ്രവർത്തനങ്ങൾ ഭക്ഷണ വിതരണം നടത്തുന്ന ഏജൻസി നിയമവിധേയമായി ചെയ്യേണ്ടതാണ്. ഭക്ഷണപാക്കിംഗ് അവശിഷ്ടങ്ങൾ കോമ്പൗണ്ടിൽ നിന്നും ദിവസേന നീക്കം ചെയ്യേണ്ടതാണ്.
7. സ്വന്തമായി ജനറേറ്റർ വയ്ക്കുന്നതിന് ഏജൻസിയെ അനുവദിക്കുന്നതാണ്.
8. ഗുണനിലവാരം ഉറപ്പാക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നതല്ല. പഴകിയതും കേടുവന്നതുമായ ഭക്ഷണ സാമഗ്രികൾ ഒരു കാരണവശാലും വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ച ഉത്തരവാദിത്വം ഏജൻസിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.
9. സന്ദർശകർക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുന്നന്നതിനു ആവശ്യമായ വെള്ളത്തിന് ദൌർലഭ്യം വരുന്ന അവസരത്തിൽ (വേനൽ സമയത്ത്) ഏജൻസി സ്വന്തം ചെലവിൽ വെള്ളത്തിന്റെ ക്രമീകരണം ചെയ്യേണ്ടതാണ്.
10. അപകടകരമായതോ ജ്വലിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ലഹരി വസ്തുക്കളോ കഫറ്റീരിയയുടെ പരിസരത്ത് സൂക്ഷിച്ചിട്ടില്ലെന്ന് കരാറുകാരൻ ഉറപ്പാക്കണം
11. പരിശോധനയ്ക്കായി കഫറ്റീരിയയിൽ നിന്ന് ഭക്ഷ്യയോഗ്യമായ/അസംസ്കൃത വസ്തുക്കളുടെ സാമ്പിളുകൾ എടുക്കുന്നതിന് ബന്ധപ്പെട്ട അതോറിറ്റിക്ക് പുറമെ കെ.ഫ്.ഡി.സി അധികൃതരിൽ അവകാശം നിക്ഷിപ്തമാണ്.
12. ഭക്ഷ്യവിഷബാധ / മലിനീകരണം എന്നിവ ഉണ്ടായാൽ, കരാറുകാരൻ ഉത്തരവാദിയായിരിക്കും കൂടാതെ ഇവ മൂലമുണ്ടാകുന്ന എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
13. കരാറുകാരന് മതിയായ ജീവനക്കാരെ നിയോഗിക്കാവുന്നത് ആണ് .
14. ജീവനക്കാർക്ക് നിയോഗിക്കപ്പെട്ട് 15 ദിവസത്തിനകം പോലീസ് വെരിഫിക്കേഷന് സംബന്ധിച്ച രേഖകൾ കരാറുകാരൻ നൽകേണ്ടത് ആണ്. ഇതിൻറെ അടിസ്ഥാനത്തിൽ കെ.ഫ്.ഡി.സി അംഗീകരിക്കുന്ന തിരിച്ചറിയൽ കാർഡ് ജീവനക്കാർക്ക് അനുവദിച്ച്. അപ്രകാരം തിരിച്ചറിയൽ രേഖ ഉള്ളവ മാത്രക്ക് മാത്രമേ പ്രവർത്തിക്കാൻ അനുമതിയുള്ളു. ഇതിൽ മാറ്റങ്ങൾ വരുന്ന പക്ഷം കെ. ഫ്.ഡി..സി യെ അറിയിക്കേണ്ടതും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കേണ്ടതും ആണ്.

15. ജീവനക്കാരായി നിയോഗിക്കുന്ന എല്ലാ വ്യക്തികളും കരാറുകാരന്റെ സ്വന്തം ജോലിക്കാരാണ്. ഇവർക്ക് കെ.ഫ്.ഡി.യിൽ നിന്ന് യാതൊരുവിധ ആനുകൂല്യവും ലഭിക്കുന്നതല്ല .
16. ജീവനക്കാരുടെ സാന്നിധ്യം പ്രവർത്തന സമയങ്ങളിൽ ഉറപ്പാക്കേണ്ട ബാധ്യത കരാറുകാരന് ഉണ്ട് . ആയത്തിലേക്ക് പരിശോധനകൾ കെ.ഫ്.ഡി.സി. അധികൃതർ നടത്തുന്നത് ആയിരിക്കും .
17. കഫറ്റീരിയയിലെ ജീവനക്കാരുടെ ആരോഗ്യക്ഷമത , വ്യക്തിശുചിത്വം തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട നിയമങ്ങൾക്ക് അനുസൃതമായി ജീവനക്കാർ പാലിക്കേണ്ടത് ആണ്. ആയത് ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ബാധ്യത ആണ് .
18. കേന്ദ്രത്തിലെ പ്രവൃത്തി സമയം മുഴുവനും കഫറ്റീരിയ പ്രവർത്തിക്കേണ്ടത് ആണ് . സന്ദർശകരുടെ എണ്ണം , ഉത്സവ ദിനങ്ങൾ, ഫ്ലവർ ഷോ എന്നിവ പരിഗണിച്ച് പ്രവൃത്തി സമയം നീട്ടി നൽകുന്നത് മാനേജ്മെൻറ് പരിശോധിച്ച് പരിഗണിക്കുന്നതാണ്.
19. കഫറ്റീരിയയുടെ അകത്തേക്കും പുറത്തേക്കും കൊണ്ടുപോകുന്ന സാമഗ്രികൾ ബന്ധപ്പെട്ട അധികാരികളുടെ പരിശോധനകൾക്ക് വിധേയമായിരിക്കും .
20. പ്രധാന കൗണ്ടർ കൂടാതെ ബോട്ടിങ്ങിനു സമീപത്തും ആവശ്യമെന്ന് കണ്ടാൽ കൂടുതൽ കൗണ്ടർ അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.
21. നിലവിൽ കെ.എഫ് ഡി സി ഇക്കോഷോപ് വഴി വിപണനം ചെയ്യുന്ന ചോക്ലേറ്റ്, ഐസ്ക്രീം എന്നിവ തുടർന്നും KFDC തന്നെ വിപണനം നടത്തുന്നതാണ്.
22. കരാർ കാലാവധി കരാർ തിയതി മുതൽ ഒരു വർഷം ആയിരിക്കും (2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ)
23. കെഎഫ്ഡിസിയുടെ മുൻകൂർ അനുമതിയോടെ മാത്രമേ കരാറുകാരന് കഫറ്റീരിയയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ കഴിയൂ. വാഗമൺ ഫ്ലോറികൾച്ചറിലെ kitchen-ൽ, പാചകം ചെയ്തു കൊണ്ടു വന്ന ഭക്ഷണ സാധനങ്ങൾ ചൂടാക്കുന്നതിനും മറ്റുമുള്ള സൗകര്യം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
24. ടെൻഡർ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം നിയമവിധേയമായ നിലവാരപ്രകാരം ഉറപ്പുവരുത്തേണ്ട ചുമതല വിതരണം \ടത്തുന്ന ഏജൻസിയിൽ നിക്ഷിപ്തം ആണ് .

25. തന്നിരിക്കുന്ന ലിസ്റ്റിൽ 4 തരം സ്നാക്സ് ഐറ്റംസ് എങ്കിലും എല്ലാസമയത്തും സന്ദർശകർക്ക് ലഭ്യമാക്കണം.
26. തന്നിരിക്കുന്ന ലിസ്റ്റിൽ ഫുഡ് ഐറ്റംസ് വിഭാഗത്തിൽ ദിവസേന കുറഞ്ഞത് ഒരു നോൺ വെജ് ഐറ്റം ഒരു വെജ് ഐറ്റം എന്നിവ എങ്കിലും വിതരണം നടത്തേണ്ടതാണ്. പാനീയങ്ങൾ –ചായ, കാപ്പി, വെള്ളം എന്നിവ എപ്പോഴും ലഭ്യമായിരിക്കണം.
27. ഓരോ ഉത്പന്നത്തിന്റെയും GST ഉൾപ്പെടെയുള്ള പരമാവധി വില്പന വിലയാണ് ലിസ്റ്റ് പ്രകാരം സൂചിപ്പിച്ച വില .
28. സന്ദർശകർക്ക് ബുദ്ധിമുട്ടാകുന്ന രീതിയിലുള്ള യാതൊരു വിധത്തിലുള്ള സമീപനങ്ങളോ പെരുമാറ്റ രീതികളോ ഏജൻസിയുടെ ഭാഗത്തു നിന്നും ഉണ്ടാകുവാൻ പാടുള്ളതല്ല.
29. കരാറുകാരനോ ജീവനക്കാരോ കെ.എഫ്.ഡി.സി. വസ്തുവകകൾക്ക് വരുത്തുന്ന എല്ലാ നാശങ്ങൾക്കും നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും.
30. കരാറുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമുണ്ടായാൽ, കെ.എഫ്.ഡി.സി യുടെ തീരുമാനം അന്തിമമായിരിക്കും
31. ഇത് സംബന്ധിച്ച തർക്കങ്ങളും മറ്റും പരിഹരിക്കപ്പെടുന്നതിന് കോട്ടയം ജില്ലയുടെ പരിധിയിൽ വരുന്ന കോടതി മുഖേനയായിരിക്കും.
32. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ വിതരണത്തിലും കഫറ്റീരിയയുടെ പൊതുവായ പ്രവർത്തനത്തിലും മാറ്റങ്ങൾ ആവശ്യമോ എന്നത് പ്രാരംഭകാല പ്രവർത്തനത്തിന്റെയും പൊതു അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ഈ കാലയളവിൽ പരിഗണിക്കുന്നതാണ്. ഇതിലേക്ക് ഒരു ഫീഡ്ബാക്ക് രജിസ്റ്റർ സന്ദർശകർക്ക് അഭിപ്രായം അറിയിക്കുന്നതിനായി ക്രമീകരിക്കുന്നതാണ്.
33. വാർഷിക കമ്മീഷൻ പ്രതിമാസ ഗഡുക്കളായി കരാർ തിയതിക്ക് ശേഷം 10–ആം ദിവസവും തുടർന്ന് ഓരോ മാസവും അതെ തീയതിയിലും അടക്കേണ്ടതാകുന്നു .
34. രണ്ടു മാസത്തെ കമ്മീഷൻ തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി കരാർ ഒപ്പു വയ്ക്കുമ്പോൾ നൽകേണ്ടതാണ്.

35. ***പൂരിപ്പിച്ച ടെൻഡർ ഫോറം അപേക്ഷ ഫീ ഒടുക്കി 28.02.2025 തീയതി 5.00 P. M ന മുൻപായി താഴെ പറയുന്ന ഓഫീസിൽ ഇമെയിൽ / തപാൽ ആയി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കാൻ താത്പര്യമുള്ള കക്ഷികൾ / ഏജൻസികൾക്ക് 21.02.2025 ന് വൈകുന്നേരം 3 മണിക്ക് വാഗമൺ ഹിൽസ് ഗാർഡൻ കെ എഫ് ഡി സി ഓഫീസിൽ നടത്തുന്ന പ്രീ ബിഡ് മീറ്റിംഗിൽ ഓൺലൈൻ ആയോ/നേരിട്ടോ പങ്കെടുക്കാവുന്നതാണ്.*** **നിബന്ധനകളിൽ ഉൾക്കൊള്ളിക്കേണ്ട അധിക മാനദണ്ഡങ്ങൾ/ മാറ്റങ്ങൾ 22.02.2025 ന് പ്രസിദ്ധീകരിക്കുന്നതാണ്.**

36. ഓഫീസ് അഡ്രസ് : മാനേജർ കേരള വന വികസന കോർപ്പറേഷൻ ലിമിറ്റെഡ്, വാഗമൺ ഹിൽസ് ഗാർഡൻ, കോലാഹലമേട് പിഒ വാഗമൺ 685501 Website:www.kfdc.kerala.gov.in, ഇമെയിൽ അഡ്രസ്: dmgavikfdc@gmail.com

37. ടെൻഡർ സമർപ്പിക്കുന്നതിന് EMD-യായി 25000/-രൂപ ഡി.ഡി ഹാജരാക്കുകയോ A/C No. 41889416773, IFSC SBIN0070102 അക്കൗണ്ടിൽ ഓൺലൈൻ ആയോ/നേരിട്ടോ ഒടുക്കി രേഖ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

38. ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ച 10 ദിവസത്തിനകം കരാർ ഒപ്പിടേണ്ടതും വൈകുന്ന ഓരോ ദിവസത്തിനും 100 രൂപ പിഴ ഈടാക്കുന്നതും 25 ദിവസത്തിന് മേൽ കരാർ വച്ചില്ലെങ്കിൽ EMD കണ്ടുകെട്ടി രണ്ടാമത് ഏജൻസിക്കു കരാർ നൽകുന്നതുമാണ്.

(ഒപ്പ്)

**ഡിവിഷണൽ മാനേജർ**

**ഗവി ഡിവിഷൻ**

# കേരളവനംവികസനകോർപ്പറേഷൻലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

**ഡിവിഷണൽ മാനേജരുടെ കാര്യാലയം, ഗവി പി.ഒ, വണ്ടിപെരിയാർ(വഴി)**

മൊബൈൽ : 8289821300 ഇ-മെയിൽ :dmgavikfdc@gmail.com


## ടെൻഡർ ഫോം

1. കക്ഷികളുടെ/ ഏജൻസികളുടെ പേര് ..........................................................................................

2. പൂർണ്ണമായ മേൽവിലാസം ..............................................................................................................
..............................................................................................................

3. ലൈസെൻസ് / രജിസ്ട്രേഷൻ നമ്പർ ..........................................................................................
(തദ്ദേശ സ്ഥാപനം നൽകുന്ന ലൈസൻസിന്റെ പകർപ്പ് അറ്റാച്ച് ചെയ്യണം അല്ലെങ്കിൽ ലെറ്റർ പാഡിന്റെയോ ബിൽ ബുക്കിന്റെയോ പകർപ്പ് അറ്റാച്ചചെയ്യാം.)

4. പാൻ നമ്പർ: ..............................................................................................................
5. ജി.എസ്.ടി നമ്പർ: ..............................................................................................................
6. സ്ഥാപനം രൂപീകൃതമായ വർഷം: ..........................................................................................

കെ.എഫ്.ഡി.സി വാഗമൺ ഹിൽസ് ഗാർഡൻ കേന്ദ്രത്തിലെ കഫറ്റീരിയയുടെ 2025 – 2026 വർഷത്തെ (കരാർ തിയതി മുതൽ ഒരു വർഷത്തേക്ക്) നടത്തിപ്പ് അവകാശത്തിനായ് മേൽ വ്യവസ്ഥകൾക്ക് വിധേയമായി ........................................................................ രൂപ (..............................................................................................................(അക്ഷരത്തിൽ) വാഗ്ദാനം ചെയ്യുന്നു. ടി തുക 12 മാസ ഗഡുക്കളായി ഒടുക്കുന്നതാണ്.
EMD തുക: 25000/-

ടെൻഡർ ഫോം ഫീസ്= 250 രൂപ

മേൽ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ് .

തിയതി: ഒപ്പ് :

സ്ഥലം: പേര് :

അഡ്രെസ്സ്:

വിതരണം ചെയ്യേണ്ടുന്ന വിവിധ ഭക്ഷ്യ ഉല്പന്നങ്ങൾ അവയുടെ അളവ്, വില്പന വില (നികുതി ഉൾപ്പെടെ) എന്നിവ ചുവടെ സൂചിപ്പിക്കുന്നു.

| DETAILS OF VARIOUS FOOD ITEMS FOR SUPPLY | | | | |
|---|---|---|---|---|
| **SL. NO** | **PARTICULARS** | **MRP rate** | **WEIGHT** | **REMARKS** |
| **I** | **SNACKS CATAGORIES** | | | |
| **(i)** | **COMPULSORY ITEMS** | | | |
| | **ONION VADA-** ഉള്ളി വട | **15** | **>30 gms** | |
| | **PARIPPU VADA-** പരിപ്പ് വട | **15** | **>30 gms** | |
| | **SUGION-** സുഖിയൻ | **15** | **>30 gms** | |
| | **SAMOOSA-** സമൂസ | **20** | **>50 gms** | |
| | **MEAT PUFFS-** മീറ്റ് പഫ്സ് | **20** | **>50 gms** | |
| | **EGG PUFFS-** മുട്ട പഫ്സ് | **20** | **>50 gms** | |
| | **VEG PUFFS-** വെജിറ്റബിൾ പഫ്സ് | **18** | **>50 gms** | |
| | **BANANA FRY-** ഏത്തക്ക ബോളി | **20** | **>50 gms** | |
| | **UZHUNNUVADA-** ഉഴുന്ന് വട | **15** | **>30 gms** | |
| | **MEAT CUTLET-** മീറ്റ് കട്ട് ലെറ്റ് | **20** | **>50 gms** | |
| | **VEG CUTLET-** വെജിറ്റബിൾ കട്ലെറ്റ് | **20** | **>50 gms** | |
| | **OMLETTE-** ഓംലെറ്റ് | **20** | **>50 gms** | |
| **(ii)** | **OPTIONAL ITEMS** | | | |
| | **VEG SANDWICH-** വെജിറ്റബിൾ സാൻഡ്വിച്ച് | **60** | **>50 gms** | |
| | **EGG SANDWICH-** എഗ്ഗ് സാൻഡ്വിച്ച് | **60** | **>50gms** | |
| | **CHICKEN SANDWITCH-** ചിക്കൻ സാൻഡ്വിച്ച് | **60** | **>50 gms** | |
| | **MEET ROLL-** മീറ്റ് റോൾ | **20** | **>50 gms** | |
| | **CHICKEN PUFFS-** ചിക്കൻ പഫ്സ് | **40** | **>50 gms** | |
| | **VEG ROLL-** വെജിറ്റബിൾ റോൾ | **20** | **>50 gms** | |

| | | | | |
|---|---|---|---|---|
| | BANANA ROAST- ഏത്തക്ക റോസ്റ്റ് | 30 | >50 gms | WITH AVIL |
| | BREAD BUTTER- ബ്രഡ് & ബട്ടർ | 40 | >60gms | |
| II | BEVERGES | | | |
| (i) | COMPULSORY ITEMS | | | |
| | TEA- ചായ | 15 | 150 ml | |
| | COFFEE- കോഫി | 20 | 150 ml | BRU |
| | BLACK TEA- കട്ടൻ ചായ | 10 | 150 ml | |
| | BLACK COFFEE- കട്ടൻ കാപ്പി | 10 | 150 ml | |
| | PACKAGED DRINKING WATER- മിനറൽ വാട്ടർ | 20 | 1 ltr | |
| (ii) | OPTIONAL ITEMS | | | |
| | MILK- പാൽ | 40 | 350 ml | |
| | FRESH JUICE- ഫ്രഷ് ജ്യൂസ് | വിവിധം | 350 ml | |
| | FRESH LIME - ഫ്രഷ് ലൈം | 20 | 350 ml | |
| | GINGER LIME- ജിൻജർ ലൈം | 20 | 350 ml | |
| | LASSY- ലസ്സി | 80 | 350 ml | |
| | HORLICKS- ഹോർലിക്സ് | 60 | 350 ml | |
| | BOURNVITA- ബോൺവിറ്റ | 60 | 350 ml | |
| | SOFT DRINKS- ശീതള പാനീയങ്ങൾ | various | various | Packaged items norms shall apply |
| III | FOOD ITEMS- ഉച്ച ഭക്ഷണം | | | |
| (i) | COMPULSORY ITEMS | | | |
| | CHICKEN BIRIYANI- ചിക്കൻ ബിരിയാണി | 200 | >500 gms | with basmati rice Incldes egg, salad, pickle |
| | VEG BIRIYANI- വെജ് ബിരിയാണി | 150 | >450 gms | Includes Salad, Pickle |
| | CHICKEN FRIEDRICE- ചിക്കൻ ഫ്രൈഡ് റൈസ് | 200 | >350 gms | |
| | CHAPPATHI - ചപ്പാത്തി | 15 | >30 gms | |
| | EGG CURRY- മുട്ടക്കറി | 25 | | |

| | | | | |
|---|---|---|---|---|
| | **VEG KURUMA- വെജ് കുറുമ** | **25** | | |
| | (Any other items) മറ്റുള്ളവ | | | **with prior permission of KFDC** |
| **(ii)** | **OPTIONAL ITEMS** | | | |
| | **NON PACKAGED ITEM (SWEETS &OTHERS)** | **VARIOUS** | **VARIOUS** | |
| | **Packet products- (Sweets and others)- Cup cakes, Groundnuts , cashew nuts,Chikki Mixture,Chips etc** | **MRP rate** | **various** | **Packaged items norms shall apply &with prior permission of KFDC** |

# <u>ടെണ്ടർ നോട്ടീസ്</u>

കെ.എഫ്.ഡി.സിയുടെ വാഗമൺ ഹിൽസ് ഗാർഡൻ ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് സന്ദർശകർക്കായി വിവിധ ഭക്ഷ്യ ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നു. ഗാർഡൻപരിധിയിൽ ഇതിനായി സ്ഥല സൗകര്യങ്ങൾ നൽകുന്നതാണ്. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 28.02.2025. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഓഫീസ് അഡ്രെസ്സിൽ ബന്ധപ്പെടാവുന്നതാണ്.

***<u>പൂരിപ്പിച്ച ടെൻഡർ ഫോറം 28.02.2025 തീയതി 5.00 P. M ന മുൻപായി താഴെ പറയുന്ന ഓഫീസിൽ ഇമെയിൽ / തപാൽ ആയി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കാൻ താത്പര്യമുള്ള കക്ഷികൾ / ഏജൻസികൾക്ക് 21.02.2025 ന് വൈകുന്നേരം 3 മണിക്ക് വാഗമൺ ഹിൽസ് ഗാർഡൻ കെ എഫ് ഡി സി ഓഫീസിൽ നടത്തുന്ന പ്രീ ബിഡ് മീറ്റിംഗിൽ ഓൺലൈൻ ആയോ/നേരിട്ടോ പങ്കെടുക്കാവുന്നതാണ്.</u>*** **നിബന്ധനകളിൽ ഉൾക്കൊള്ളിക്കേണ്ട അധിക മാനദണ്ഡങ്ങൾ/ മാറ്റങ്ങൾ 22.02.2025 ന് പ്രസിദ്ധീകരിക്കുന്നതാണ്.**

ഓഫീസ് അഡ്രസ് :

**മാനേജർ**
**കേരള വന വികസന കോർപ്പറേഷൻ ലിമിറ്റെഡ്,**
**വാഗമൺ ഹിൽസ് ഗാർഡൻ.**
**കോലാഹലമേട് പിഒ**
**വാഗമൺ 685501**
**Web site :www.kfdc.kerala.gov.in**
**ഇമെയിൽ അഡ്രസ് :** dmgavikfdc@gmail.com

| | |
|---|---|
| കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: | 8289821405, 8289821300,8289821305 |